ഭരണഭാഷ - മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്,തിരുവനന്തപുരം
**dtekerala@gmail.com/ 04712561307**

സാങ്കേതിക വിദ്യാഭ്യാസം ഡയറക്ടറുടെ കാര്യാലയം. തിരുവനന്തപുരം - ജീവനക്കാര്യം (ഡി) സീനിയർ സൂപ്രണ്ട് തസ്തികയിൽ അനുപാത സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവ്പുറപ്പെടുവിക്കുന്നു.

---

ജീവനക്കാര്യം (ഡി) വിഭാഗം

ഇഡി**1/4100/2024/**ഡിടിഇ **20-01-2026**

---

വായന:-**1.10.02.2021** ലെ സ.ഉ (പി) നം. **27/2021/**ധന.തിരുവനന്തപുരം നമ്പർ സർക്കാർ ഉത്തരവ് **2.25.01.2024** ലെ ഈ കാര്യാലയത്തിലെ ഇജി**3/46566/23/**ഡിടിഇ നമ്പർ സർക്കുലർ.

**3.09.10.2025** തീയതിയിലെ ഇഡി**1/6011 /2025/**ഡിടിഇ നമ്പർ ഉത്തരവ്.

**4.05.11.2025** തീയതിയിലെ സ.ഉ(സാധാ)നം.**1447/2025/HEDN** നമ്പർ സർക്കാർ ഉത്തരവ്.

**5.01.01.2026**ലെ സ.ഉ(സാധാ)നം.**11/2026/HEDN** നമ്പർ ഉത്തരവ്.

## ഉത്തരവ്

വായന **(1)** ശമ്പള പരിഷ്കരണ ഉത്തരവിലെ അനുബന്ധം **XI** കുറിപ്പ് (സി) പ്രകാരം. സീനിയർ സൂപ്രണ്ട് തസ്തികയുടെ ഇരുപത്തിയഞ്ച് ശതമാനം വരെ ₹ **56500 -118100** വേതന നിരക്കിൽ അനുപാത സ്ഥാനക്കയറ്റത്തിന് അർഹതയുണ്ട്. ഈ വകുപ്പിൽ സീനിയർ സുപ്രണ്ട് തസ്തികയിലെ അംഗീകൃത ശ്രേണി ബലം **74** ആണ്. അപ്രകാരം സീനിയർ സൂപ്രണ്ട് തസ്തികയിലെ **18** ഉദ്യോഗസ്ഥർക്ക് ടി തസ്തികയിൽ അനുപാത സ്ഥാനക്കയറ്റം ലഭിക്കാൻ അർഹതയുണ്ട്. വായന **(3,5)** സർക്കാർ ഉത്തരവുകളിലൂടെ സീനിയർ സുപ്രണ്ട് തസ്തികയിൽ അനുപാത സ്ഥാനക്കയറ്റം **(Ratio promotion)** ലഭിച്ച ഉദ്യോഗസ്ഥർക്ക് അക്കൌണ്ട്സ് ആഫീസർ തസ്തികകളിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചതിലൂടെയും,സ്വയം വിരമിക്കലിലൂടെയും സീനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) തസ്തികയിൽ വന്നിരുന്ന ഒഴിവുകളിലേക്ക് വായന **(2)** അന്തിമ സീനിയോറിറ്റി പട്ടികയിലുൽപ്പെട്ട ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥർക്ക്, വായന **(1)** സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി , ₹ **56500-118100** വേതന നിരക്കിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ റേഷ്യോ അടിസ്ഥാനത്തിലുള്ള അനുപാത സ്ഥാനക്കയറ്റം അനുവദിച്ച് കൊണ്ടും, ടി ഉദ്യോഗസ്ഥരെ നിലവിലുള്ള സ്ഥാപനത്തിൽ തുടരുവാൻ അനുവദിക്കുന്നതിൻറെ ഭാഗമായി തസ്തിക താത്ക്കാലികമായി സീനിയർ സൂപ്രണ്ട് (ഹഗ്രേ) എന്ന് ഉയർത്തി ക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നമ്പർ | സീനി. പട്ടികയിലെ ക്രമ നമ്പർ | പേര്, സ്ഥാപനം,പെൻ | റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്ന തീയതിയും ഒഴിവിന്റെ സ്വഭാവവും |
|---|---|---|---|
| **1** | **40** | അഹമ്മദ് മൂപ്പൻ<br>സീനിയർ സൂപ്രണ്ട്<br>സർക്കാർ പോളിടെക്നിക്ക് കോളേജ്<br>പിണറായി<br>പെൻ-**428693** | **01.11.2025**<br><br>വിജി എൻ ജെ സീനിയർ സൂപ്രണ്ട്(ഹഗ്രേ)വിടുതൽ ചെയ്ത ഒഴിവ്) |
| **2** | **41** | സജിത്ത് പി<br>സീനിയർ സൂപ്രണ്ട്<br>സർക്കാർ എഞ്ചിനിയറിംഗ് കോളേജ്<br>തൃശൂർ<br>പെൻ-**197130** | **11.11.2025**<br><br>(അജി എസ് സീനിയർ സൂപ്രണ്ട് (ഹഗ്രേ) വിടുതൽ ചെയ്ത ഒഴിവ്) |
| **3** | **42** | അഷ്റഫ് എ<br>സീനിയർ സൂപ്രണ്ട്<br>സർക്കാർ എഞ്ചിനിയറിംഗ് കോളേജ്,കോഴിക്കോട്<br>പെൻ-**386730** | **14.01.2026**<br><br>(അനൂപ് കെ എം സൂപ്രണ്ട് (ഹഗ്രേ)വിടുതൽ ചെയ്തു ഒഴിവ്) |

സീനിയർ സൂപ്രണ്ട് തസ്തികയും. സീനിയർ സൂപ്രണ്ട് (ഹഗ്രേ) തസ്തികയും തമ്മിൽ ജോലിയിലും. തസ്തികകളിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്വത്തിലും **(Duties and Responsibilities)** വ്യത്യാസങ്ങൾ ഇല്ലാത്തതിനാൽ ടി അനുപാത സ്ഥാനക്കയറ്റത്തിൻറെ പ്രാബല്യ തീയതി മുതൽ ഭാഗം **1**, കേരള സർവ്വീസ് ചട്ടങ്ങളിലെ ചട്ടം **23** (ഡി) യിലെ വ്യവസ്ഥകളിൽ നിഷ്കർഷിക്കും പ്രകാരം അനുപാത സ്ഥാനക്കയറ്റത്തിൻറെ ഭാഗമായുള്ള ആനുകൂല്യങ്ങൾക്ക് ഉദ്യോഗസ്ഥർക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

Signed by
Jayaprakash P
Date: 20-01-2026 17:19:21

**JAYAPRAKASH P**

**DIRECTOR**

സ്വീകർത്താവ്
1.ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്കും, ഉദ്യോഗസ്ഥർക്കും (ഡിടിഇ വെബ് സൈറ്റ് മുഖേന)
2.അക്കൌണ്ടൻറ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം ശാഖ
3. സൂപ്രണ്ട്, ജീവനക്കാര്യം എ / ജി, ഡിടിഇ
4. സിസ്റ്റം അനലിസ്റ്റ്, ഡിടിഇ (വെബ് സൈറ്റിൽ പ്രസിദ്ധിക്കരിക്കുന്നതിന്)
5.ഇ- ഓഫീസ് കരുതൽ സഞ്ചയം
പകർപ്പ്
സി. എ.ഡയറക്ടർ